No. CEE/2666/PGN-2021/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി. നഴ്സിംഗ്) കോഴ്സിലേയ്ക്കുള്ള പ്രവേശനം 2021 അപേക്ഷകൾ ക്ഷണിക്കുന്നു

1. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ സർക്കാർ നഴ്സിംഗ് കോളേജുകളിലും വിവിധ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കും താഴെപ്പറയുന്ന ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി.നഴ്സിംഗ്) 2021 കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.
(i) മെഡിക്കൽ സർജിക്കൽ നഴ്സിംഗ് (ii) കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് (iii) ചൈൽഡ് ഹെൽത്ത് നഴ്സിംഗ് (iv) ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി നഴ്സിംഗ് (v) മെന്റൽ ഹെൽത്ത് നഴ്സിംഗ്
വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ www.cee.kerala.gov.in ലൂടെ 08.12.2021 മുതൽ 16.12.2021, വൈകിട്ട് 3.00 മണി വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

2. **പ്രവേശനത്തിനുള്ള യോഗ്യതകൾ:**

(I) **നേറ്റിവിറ്റി:** അപേക്ഷകൻ കേരളത്തിൽ ജനിച്ച ഇന്ത്യൻ പൗരനായിരിക്കണം. കേരളീയരല്ലാത്ത ഇന്ത്യൻ പൗരത്വമുള്ള അപേക്ഷകർ കേരളത്തിലെ ഏതെങ്കിലും നഴ്സിംഗ് കോളേജിൽ നിന്നും ബി.എസ്.സി നഴ്സിംഗ് ബിരുദം നേടിയിരിക്കുകയോ 5 വർഷത്തിൽ കുറയാതെ കേരളത്തിൽ താമസക്കാരനായിരിക്കുകയോ വേണം. കേരളീയരല്ലാത്ത അപേക്ഷകർ സാമുദായിക/ഭിന്നശേഷി സംവര ണാനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല. (പ്രോസ്പെക്ട്സ് ക്ലോസ് 7.1)

(ii) **അക്കാദമിക യോഗ്യതകൾ:**

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളായ കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, കൊച്ചി, കണ്ണൂർ സർവ്വ കലാശാലകളിലൊന്നിൽ നിന്നും ലഭിച്ചതോ/കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അംഗീകരിച്ച മറ്റ് സർവ്വകലാശാലകളുടെ റഗുലർ നഴ്സിംഗ് ബിരുദം കുറഞ്ഞത് 55% മാർക്ക് നേടി പാസ്സായവർക്ക് മാത്രമേ പ്രവേശനത്തിന് യോഗ്യതയുള്ളൂ. (അഥവാ +2 സയൻസ് വിഷയങ്ങളുമായി ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ് പൂർത്തിയാക്കിയതിനുശേഷമുള്ള പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ് (റഗുലർ) ബിരുദം കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകളിൽ നിന്നുള്ളതോ അല്ലെങ്കിൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അംഗീകരിച്ച മറ്റ് സർവ്വകലാശാലകളുടെ റഗുലർ കോഴ്സ് കുറഞ്ഞത് 55% മാർക്ക് നേടി വിജയിച്ചവരാകണം (വിദൂര/ കറസ്പോണ്ടൻസ് ഡിഗ്രി കോഴ്സ് ഉള്ളവർക്ക് എം.എസ്.സി നഴ്സിംഗ് പ്രവേശനത്തിന് യോഗ്യതയില്ല)

(ബി) അപേക്ഷകർ കേരള നഴ്സിംഗ് ആൻഡ് മിഡ്വൈവ്സ് കൗൺസിലിൽ രജിസ്ട്രേഷൻ നേടിയിരിക്കണം. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൗൺസിലിംഗ് സമയത്ത് ഹാജരാക്കേണ്ടതാണ്. കേരളത്തിന് പുറത്ത് പഠിച്ച ഉദ്യോഗാർത്ഥികൾ സംസ്ഥാനത്തെ ബന്ധപ്പെട്ട നഴ്സിംഗ് കൗൺസിലിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർ പ്രവേശന സമയത്ത് കേരള നഴ്സിംഗ് ആന്റ് മിഡ് വൈഫ്സ് കൗൺസിലിൽ നിന്നും ലഭിച്ച ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

(സി) ബി.എസ്.സി നഴ്സിംഗ് പോസ്റ്റ് ബേസിക് നഴ്സിംഗ് റഗുലർ ബിരുദം എന്നിവ കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നോ ഏതെങ്കിലും ഡീംഡ് സർവ്വകലാശാലകളിൽ നിന്നോ നേടിയിട്ടുള്ളവർ കേരളത്തിലെ സർവ്വകലാശാല നൽകുന്ന തുല്യതാ സർട്ടിഫിക്കറ്റ് കൗൺസിലിംഗ് സമയത്ത് ഹാജരാക്കണം.

(ഡി) മാർക്കിലെ ഇളവ് : എസ്.സി/എസ്.ടി, എസ്.ഇ.ബി.സി., പി.ഡി അപേക്ഷകർക്ക് അക്കാദമിക യോഗ്യത മാർക്കുകളിൽ 5% ഇളവ് ഉണ്ടായിരിക്കും.

(ഇ) **സേവന പരിചയം:** നഴ്സിംഗ് ബിരുദത്തിനും രജിസ്ട്രേഷനും ശേഷം, നഴ്സിംഗ് സ്കൂൾ/കുറഞ്ഞത് 100 രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രി/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയിലേതിലെങ്കിലും ഒരു വർഷത്തെ സേവന പരിചയം അല്ലെങ്കിൽ രജിസ്ട്രേഷനുശേഷം ഒരു വർഷത്തെ ഇന്റേൺഷിപ്പ്/നിർബന്ധിത സർക്കാർ സേവനം പ്രവേശന പരീക്ഷയ്ക്ക് വേണ്ടി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന തീയതിയിൽ **(08.12.2021)** പൂർത്തിയാക്കിയിരിക്കണം.

കുറിപ്പ്:

(എ) ബി.എസ്.സി. നഴ്സിംഗ് ബിരുദത്തിനുശേഷമുള്ള ഒരു വർഷത്തെ പ്രവൃത്തി പരിചയം കേരളത്തിലെയോ മറ്റ് സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിൽ നിന്നുള്ളതാണെങ്കിലും പരിഗണിക്കുന്നതാണ്.

(ബി) പോസ്റ്റ് ബേസിക് നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കുന്നതിനാവശ്യമായ കാലയളവ് പ്രവൃത്തി പരിചയമായി പരിഗണിക്കില്ല. പോസ്റ്റ് ബേസിക് നഴ്സിംഗിന് മുമ്പോ ശേഷമോ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയം അത്യാവശ്യമാണ്.

(സി) സേവന പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കണം.

3. **വയസ്സ്:** പ്രവേശന പരീക്ഷയ്ക്ക് വേണ്ടി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന തീയതിയിൽ, 08.12.2021, ജനറൽ വിഭാഗത്തിൽപ്പെടുന്നവർക്ക് ഉയർന്ന പ്രായ പരിധി 46 വയസ്സും സർവ്വീസ് ക്വാട്ടാ അപേക്ഷകരുടെ ഉയർന്ന പ്രായ പരിധി 49 വയസ്സും ആയിരിക്കും.

4. **അപേക്ഷ സമർപ്പിക്കേണ്ട വിധം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകർക്കും www.cee.kerala.gov.in എന്ന പ്രവേശന പരീക്ഷാ കമ്മീഷറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പൊതു ഓൺലൈൻ അപേക്ഷാഫോം ഉപയോഗിച്ച് **08.12.2021 മുതൽ 16.12.2021 വൈകുന്നേരം 3.00 മണി വരെ** 'PG Nursing 2021-Online Application' എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ വിദ്യാർത്ഥിയുടെ ഫോട്ടോ, ഒപ്പ്, ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രേഖ എന്നിവ അപേക്ഷയോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രേഖ എന്നിവ ഒഴികെയുള്ള മറ്റ് അനുബന്ധ രേഖകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിന് 20.12.2021 വൈകുന്നേരം 3.00 മണി വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. ഫോട്ടോഗ്രാഫ്, ഒപ്പ് jpeg ഫോർമാറ്റിലുള്ളവയും മറ്റ് ബന്ധപ്പെട്ട രേഖകൾ പി. ഡി.എഫ് ഫോർമാറ്റിൽ സ്കാൻ ചെയ്ത് പ്രോസ്പെക്ടസ് ക്ലോസ് 8.2.4 ലെ നിബന്ധനകൾക്കനുസൃത മായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേ ശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതില്ല.

5. **അപേക്ഷാ ഫീസ്:**

| | | |
|---|---|---|
| General Quota | General candidates | Rs. 1050/- |
| | SC/ST candidates | Rs. 525/- |
| Service quota | | Rs. 1050/- |

അപേക്ഷ ഫീസ് ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേയിലൂടെ ഇന്റർനെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡബിറ്റ് കാർഡ് മുഖേനയോ, ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും ഹെഡ്/സബ് പോസ്റ്റോഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാ ണ്. സർവ്വീസ് ക്വാട്ടയിൽ കൂടി അപേക്ഷിക്കുന്ന ജനറൽ ക്വാട്ടാ വിഭാഗം വിദ്യാർത്ഥികൾ അധികമായി 1050/- രൂപ കൂടി അടക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

6. **സർവ്വീസ് വിഭാഗത്തിലുള്ളവരുടെ അപേക്ഷകൾ:** സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനു പുറമെ അപേക്ഷയുടെ കൺഫർമേഷൻ പേജ്, പ്രോസ്പെ ക്ടസ് ക്ലോസ്സ് 6.3, 8.2.5-ൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം **16.12.2021 വൈകുന്നേരം 5 മണിയ്ക്ക്** മുൻപ് അവരുടെ കൺട്രോളിംഗ് ആഫീസർക്ക് (ഡി.എം.ഇ/ഡി.എച്ച്.എസ്/ഐ.എം.എസ്) സമർപ്പിക്കേണ്ടതാണ്. സർവ്വീസ് സംബന്ധമായ വിവരങ്ങൾ അപേക്ഷകൻ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസി ലേയ്ക്ക് അയയ്ക്കേണ്ടതില്ല.

7. **അഡ്മിറ്റ് കാർഡ്:** പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും പ്രവേശന പരീക്ഷയ്ക്കു മുമ്പായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.ഇത് സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

8. **പ്രവേശന പരീക്ഷ:** സർവ്വീസ് വിഭാഗം ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകരും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കംപ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ എഴുതിയിരിക്കണം. പ്രവേശന പരീക്ഷ 2 മണിക്കൂർ ദൈർഘ്യമുള്ളതും 200 ചോദ്യങ്ങളുള്ളതും ഒബ്ജക്ടീവ് മാതൃകയിലുള്ളതുമായിരിക്കും. പ്രവേശന പരീക്ഷ തീയതി, സമയം, പരീക്ഷാ കേന്ദ്രങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

പ്രവേശന പരീക്ഷയുടെ സ്കീം, സിലബസ്സ് തുടങ്ങി വിദ്യാർത്ഥികൾക്കുള്ള പൊതുവായ നിർദ്ദേശങ്ങളെല്ലാം സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ക്ലോസ് 9–ൽ ലഭ്യമാണ്.

9. **റാങ്ക് ലിസ്റ്റ്:** പ്രവേശന പരീക്ഷയിൽ പങ്കെടുത്ത് നിശ്ചിത യോഗ്യത നേടുന്ന എല്ലാ അപേക്ഷാർത്ഥികളേയും ഉൾപ്പെടുത്തി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ (www.cee.kerala.gov.in) റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്. സർവ്വീസ് വിഭാഗത്തിൽ അപേക്ഷിച്ചവർ പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യതയായ 40% മാർക്ക് നേടിയിരിക്കണം.( പ്രോസ്പെക്ടസ് ക്ലോസ് 11)

10. **കാറ്റഗറി ലിസ്റ്റ്:** പ്രവേശന പരീക്ഷയിൽ പങ്കെടുത്ത് നിശ്ചിത യോഗ്യത നേടുന്ന സർവ്വീസ് വിഭാഗം വിദ്യാർത്ഥികൾ ഉൾപ്പെടുത്തി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ (www.cee.kerala.gov.in) കാറ്റഗറി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്. ( പ്രോസ്പെക്ടസ് ക്ലോസ് 11)

11. **അലോട്ട്മെന്റ്:–** സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള അലോട്ട്മെന്റ് കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ, സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

സർക്കാർ അംഗീകരിച്ച്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളതും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതുമായ 2021 ലെ ബിരുദാനന്തര ബിരുദ നഴ്സിംഗ് കോഴ്സിലെ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിലുള്ള വ്യവസ്ഥകൾ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് എല്ലാ അപേക്ഷകരും ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : **0471 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
08.12. 2021